
ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/09/2014*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2014-16*

## 17.08.2014 ന് 'നിഷ്ക്രമണം' എന്ന വേദപ്രചാരയജ്ഞത്തോടനുബന്ധിച്ച് പണ്ഡിറ്റ് ലേഖ്റാം ആർഷ ഗുരുകുലം മഹാവിദ്യാലയത്തിൽ നടന്ന പരിപാടികളിൽ നിന്ന്



വൈദിക ധ്വജാരോഹണം



'സന്ധ്യോപസാനയും അഗ്നിഹോത്രവും'
പുസ്തകപ്രകാശനം



ബ്രഹ്മചാരികളുടെ യോഗാഭ്യാസ പ്രദർശനം

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 2 ലക്കം 3

വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 ഭാദ്രപദ – ആശ്വിന
1190 ചിങ്ങം – കന്നി 2014 സെപ്റ്റംബർ

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-



17.08.2014 ന് 'നിഷ്ക്രമണം' എന്ന വേദപ്രചാരയജ്ഞത്തോടനുബന്ധിച്ച്
പണ്ഡിറ്റ് ലേഖ്റാം ആർഷ ഗുരുകുലം മഹാവിദ്യാലയത്തിൽ
നടന്ന സന്യാസ ദീക്ഷാചടങ്ങ്

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ

- സെപ്റ്റംബർ 7 – തിരുവോണം
- സെപ്റ്റംബർ 8 – ശ്രീ നാരായണ ഗുരുജയന്തി
- സെപ്റ്റംബർ 15 – ശ്രീകൃഷ്ണ ജയന്തി
- സെപ്റ്റംബർ 21 – ശ്രീ നാരായണ ഗുരു സമാധി

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

# വേദാദ്ധ്യയനം



*ഋഷിഃ മധുഛന്ദാഃ ദേവതാ സരസ്വതി ഛന്ദഃ ഗായത്രി ഷഡ്ജഃ സ്വരഃ*

പാവകാ നഃ സരസ്വതീ വാജേഭിര്വാജിനീവതി ।
യജ്ഞം വഷ്ടു ധിയാവസുഃ ॥

*(ഋഗ്വേദം 1.3.10)*

**പദാർത്ഥം:** (വാജേഭിഃ) ഏതൊന്നാണോ എല്ലാവിദ്യകളുടേയും പ്രാപ്തിക്ക് നിമിത്തമായ അന്നാദിപദാർത്ഥങ്ങൾ-അവയ്ക്കൊപ്പമുള്ള (വാജിനീവതീ) വിദ്യയാൽ സിദ്ധിക്കുന്ന ക്രിയകളാൽ യുക്തമായതും (ധിയാവസുഃ) ശുദ്ധകർമ്മങ്ങളോടു കൂടി വസിക്കുന്നതും (പാവകാ) പവിത്രീകരിക്കുന്ന വ്യവഹാരങ്ങളെ ഉണർത്തുന്ന (സരസ്വതി) ഏതിലാണോ ജ്ഞാനാദിഗുണങ്ങളുള്ളത് അത്തരത്തിൽ ഉത്തമമായ സർവവിദ്യകളേയും നൽകുന്ന വാണി ഞങ്ങൾക്ക് (യജ്ഞം) ശില്പവിദ്യയുടെ മഹിമയേയും കർമ്മരൂപയജ്ഞത്തേയും (വഷ്ടു) പ്രകാശിപ്പിക്കുന്നതായി തീരട്ടെ.

**ഭാവാർത്ഥം:** എല്ലാ മനുഷ്യരും ഈശ്വരനോട് പ്രാർത്ഥിച്ചും തങ്ങളുടെ പുരുഷാർത്ഥത്താൽ സത്യവിദ്യയേയും സത്യവചനയുക്തകാമനകളാൽ കുശലമായതും എല്ലാവർക്കും ഉപകാരം നൽകുന്നതുമായ വാണിയേ പ്രാപിക്കട്ടെ. ഇത് ഈശ്വരന്റെ ഉപദേശമാണ്.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*

*തർജ്ജമ : കെ. എം. രാജൻ)*

(മുൻലക്കത്തിന്റെ തുടർച്ച)

# ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും

## വേദങ്ങൾ

1. വേദങ്ങൾ നാലാണ്. ഋഗ്വേദം, യജുർവ്വേദം, സാമവേദം, അഥർവ്വവേദം എന്നിങ്ങനെ മോക്ഷപ്രാപ്തിക്കാവശ്യമായ ജ്ഞാന, കർമ്മ, ഉപാസന, വിജ്ഞാനം എന്നീ നാലു സാധനകൾ വേദങ്ങളിൽ ഉണ്ട്. നാലുവേദങ്ങളിലുമായി 20400 ഓളം മന്ത്രങ്ങളും ഏഴുലക്ഷത്തി അറുപത്തെട്ടോളം ശബ്ദങ്ങളുമുണ്ട്.

   ഋഗ്വേദമാണ് ഏറ്റവും വലുത്. ഇതിൽ 10 മണ്ഡലങ്ങളിലായി 1028 സൂക്തങ്ങളും അവയിൽ 10552 ഋചകളുമുണ്ട്.

(തുടരും)

*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3. 2. 4)'*
*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*





**അപാണീപാദോ ജവനോ ഗ്രഹീതാ പശ്യന്തചക്ഷുഃ സ ശൃണോത്യകർണഃ ।**
**സ വേത്തി വിശ്വം ന ച തസ്യാസ്തി വേത്താ ത മാഹുരഗ്ര്യം പുരുഷം പുരാണം॥**

**(ശ്വേതാശ്വതര ഉപനിഷത്ത് 3.19)**

കൈകളില്ലാതെ തന്നെ ഈശ്വരൻ സൃഷ്ടി രചന നടത്തുന്നുവെന്ന് നമുക്കെല്ലാം അറിയാം. അപ്പോൾ വേദപ്രകാശം നടത്താൻ അദ്ദേഹത്തിന് വായുടെ ആവശ്യമുണ്ടോ?

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



### യോഗാഭ്യാസ പരിശീലനം

വിവിധ സ്ഥലങ്ങളിലൂടെ യാത്രചെയ്ത് യോഗയുടെ തത്ത്വങ്ങളെ കുറിച്ച് മനസ്സിലാക്കിയ സ്വാമിജിക്ക് ഇവയുടെ ചിട്ടയോടുകൂടിയുള്ള പരിശീലനമില്ലെങ്കിൽ ഉദ്ദേശിച്ച ഫലം കിട്ടില്ലാ എന്നു ബോധ്യമായി. അതിനാൽ അദ്ദേഹം യോഗപരിശീലനത്തിനായി കൂടുതൽ സമയം ചിലവഴിക്കാൻ തീരുമാനിച്ചു. ഭക്ഷണത്തിലും നിയന്ത്രണം വരുത്തി. വെറു പാൽ മാത്രമായി ആഹാരം.

### ദുഃസ്വഭാവങ്ങളെ ഉപേക്ഷിക്കാനുള്ള വ്യഗ്രത

സന്യാസിമാരിൽ ചിലരിലെല്ലാം വെറ്റില മുറുക്കുക, പുകയില, ഭാംഗ് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന ദുഃസ്വഭാവമുണ്ട്. അത്തരത്തിലുള്ള സന്യാസിമാരുമായി സമ്പർക്കത്തിൽ വന്നതിന്റെ ഫലമായി സ്വാമി ദയാനന്ദനിലും ഈ സ്വഭാവം വരാനിടയായി. ഈ ദുഃസ്വഭാവങ്ങളുടെ ദോഷത്തെ കുറിച്ച് ബോധവാനായ സ്വാമിജി പെട്ടെന്നുതന്നെ ഇത്തരം ദുഷിച്ച സ്വഭാവങ്ങൾ ഉപേക്ഷിച്ചു. സദ്ഗുണങ്ങളെ സ്വീകരിക്കുകയും മോശമായവയെ ഉപേക്ഷിക്കുകയും ചെയ്യുക എന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. ഇത് ഏവർക്കും അനുകരണീയമാണ്. മനുഷ്യരെല്ലാം തങ്ങളുടെ ചീത്തസ്വഭാവങ്ങൾ ഇത്തരത്തിൽ ഉപേക്ഷിക്കാൻ തയ്യാറായാൽ ഒരു ദുഃസ്വഭാവവും അധികനാൾ നിലനിൽക്കുകയില്ല. പുകയില പദാർത്ഥങ്ങൾക്കടിമപ്പെട്ടവരോട് അതുപേക്ഷിക്കാൻ ഉപദേശിച്ചാൽ ഇക്കാലത്തുള്ളവർ പറയുന്നതിങ്ങനെയാണ്. "എന്തു ചെയ്യാം! ഞാനിതുപേക്ഷിക്കാൻ നല്ലവണ്ണം ശ്രമിക്കുന്നുണ്ട്. പക്ഷെ കഴിയുന്നില്ല. സ്വന്തം ജീവിതത്തേ സ്വയം നിയന്ത്രിക്കാനാവാത്ത ദൗർബ്ബല്ല്യത്തിന് അടിപ്പെട്ടവരാണിതു പറയുക."

*(തുടരും)*

*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36. 18)*
*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*
*തർജ്ജമ: കെ.എം. രാജൻ*

## അഞ്ചാം പ്രഭാഷണം (വേദവിഷയം)



(**1875** ജൂലായ് 13 ന് ചൊവ്വാഴ്ച രാത്രി 8 ന് ബുധ്വാർ പേഠിൽ നടന്ന സ്വാമി ദയാനന്ദസരസ്വതിയുടെ വേദവിഷയ വ്യാഖ്യാനത്തിൽ നിന്നുള്ള സാരാംശം)

**ഓം ദൃതേ ദൃംഹ മാ മിത്രസ്യ മാ ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷന്താമ് । മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമിക്ഷേ മിത്രസ്യ ചക്ഷുഷാ സമീക്ഷാമഹേ ।।** (യജുർവ്വേദം 36.18)

ഇന്നത്തെ പ്രഭാഷണത്തിന്റെ വിഷയം വേദമാണ്. മൂന്നുതരത്തിൽ ഈ വിഷയത്തേകുറിച്ച് ചിന്തനം നടത്തണം. 1. വേദോത്പത്തി എപ്രകാരമുണ്ടായി?, 2. വേദകർത്താക്കൾ ആരാണ്?, 3. വേദങ്ങളുടെ പ്രയോജനമെന്ത്?.

പരമേശ്വരൻ വേദങ്ങളുടെ കർത്താവാണ്. വേദമെന്നാൽ ജ്ഞാനം, വിദ്യ എന്നർത്ഥം. ജ്ഞാനം അഥവാ വിദ്യ എന്നിവ സമ്പൂർണ്ണ സൃഷ്ടി പദാർത്ഥങ്ങളിൽ വെച്ച് ഉത്തമമായതാണ്. ജ്ഞാനം സുഖകാരണമാണ്. ജ്ഞാനമില്ലെങ്കിൽ സുഖകാരികളായ പദാർത്ഥങ്ങൾ പോലും ദുഃഖകാരികളായി തീരും. എന്തെന്നാൽ ജ്ഞാനമില്ലാതെ വസ്തുക്കളുടെ യഥാർത്ഥ ഉപയോഗം സാധ്യമല്ല. ഈശ്വരന്റെ ജ്ഞാനം അനന്തമാണ്. അതിനാലാണ്. "അനന്താ വൈ വേദാഃ" (തൈത്തീരിയ ബ്രാഹ്മണം 3.10.11) എന്ന ഒരു വാക്യമുണ്ട്. അനന്തമെന്നത് അദ്ദേഹത്തിന്റെ സംജ്ഞയാണ്. മനുഷ്യരുടെ ഉന്നമനത്തിനായി അവരേ ഉന്നതശ്രേണിയിലെത്തിക്കുന്നതിനായി അനന്ത ജ്ഞാനിയായ ഈശ്വരൻ വിദ്യയുടെ പ്രകാശം നൽകുന്നു. ആ പ്രകാശമാണ് വേദം. മനുഷ്യർ ഈ അനന്തജ്ഞാനത്തെ അഥവാ വേദത്തെ അറിയാൻ അധികാരമുള്ളവരാണ്. ഈ ജ്ഞാനത്തിന്റെ ഉത്പത്തി മനുഷ്യകൃതമല്ല.

ഈശ്വരൻ സാകാരനല്ലാത്തതിനാൽ വേദപ്രകാശം എങ്ങിനെ ചെയ്തു എന്ന സംശയം സ്വാഭാവികമായുണ്ടാകുന്നതാണ്. നാക്ക്, ചുണ്ടുകൾ എന്നിവയില്ലാതെ അദ്ദേഹം ശബ്ദോച്ചാരണം എങ്ങിനെ നടത്തും.

ഇതിനുത്തരം നൽകുക സരളമാണ്. ഈശ്വരൻ സർവ്വശക്തിമാൻ ആയതിനാൽ അദ്ദേഹത്തിന് ഇത്തരം അവയവങ്ങളുടേ ആവശ്യമില്ല. സർവ്വശക്തരല്ലാത്തവർക്കാണ് ശബ്ദോച്ചാരണത്തിന് ഇത്തരം അവയവങ്ങൾ ആവശ്യമായി വരുന്നത്.

***നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)***
***വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.***






# ദയാനന്ദ സന്ദേശം

**ആര്യസമാജത്തിന്റെ മുഖപത്രം**

**വൈദിക-ദാർശനിക മാസിക**

**പുസ്തകം : 2** **ലക്കം 3**

**വേദ സൃഷ്ടി സംവത്സരം 1972949115 കലിവർഷം 5116 ഭാദ്രപദ – ആശ്വിന**
**1190 ചിങ്ങം – കന്നി 2014 സെപ്റ്റംബർ**

**രക്ഷാധികാരി**
സ്വാമി പ്രണവാനന്ദ സരസ്വതി

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ധർമ്മപാഠങ്ങൾ | : | 5 |
| ഋഗ്വേദപരിചയം | : | 7 |
| സംശയനിവാരിണി | : | 10 |
| ജീവിതം ഒരലയാഴി | : | 12 |
| വാർത്തകൾ | : | 13 |
| ഉപദേശ മഞ്ജരി | : | 14 |
| മഹർഷി ദയാനന്ദ സരസ്വതി | : | 15 |



**വിലാസം : ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**


## മുഖവാണി

### *യോഗേശ്വരനായ ശ്രീകൃഷ്ണൻ*



ശ്രീകൃഷ്ണജയന്തി വിപുലമായി നാടെങ്ങും ആഘോഷിക്കുന്ന ഈ അവസരത്തിൽ യോഗേശ്വരനായ ശ്രീകൃഷ്ണനെ കുറിച്ചുള്ള ചിന്തകൾ ഉൽസാഹവും കർമ്മബോധവും വളർത്താനുപകരിക്കുമെന്നതിന് സംശയമില്ല. മര്യാദാപുരുഷോത്തമനായ ശ്രീരാമനും യോഗേശ്വരനായ ശ്രീകൃഷ്ണനും ആര്യാവർത്തത്തിലെ രണ്ടുജ്ജ്വല രത്നങ്ങളാണ്. ആര്യധർമ്മികൾക്ക് ഇന്നും പ്രേരണ നൽകുന്നതാണ് അവരുടെ ജീവിതം. ശ്രീരാമൻ നേപ്പാളിനോട് ചേർന്നുകിടക്കുന്ന മിഥിലയിൽ നിന്നും ദക്ഷിണസമുദ്രത്തിനപ്പുറമുള്ള ലങ്കാധിപതി രാവണന്റെ സാമ്രാജ്യം വരെയുള്ള ഭാരതദേശത്തേ ഒരു നൂലിഴയിൽ ചേർത്തെടുത്തപ്പോൾ ശ്രീകൃഷ്ണൻ പശ്ചിമഭാഗത്തുള്ള ദ്വാരകയിൽ നിന്നും കിഴക്കുള്ള മണിപ്പൂർവരെ അനാചാരികളായ ഭരണാധികാരികളേയും ദുഷ്ടൻമാരേയും പരാജയപ്പെടുത്തി ആര്യാവർത്തത്തിന്റെ ഐക്യം ഉയർത്തിപിടിച്ചു.

***സ ഹി സർവ്വവിത് സർവ്വകർത്താ ഈശ്വരേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)***
***ആ പരമാത്മാവ് സർവ്വാന്തര്യാമിയും സകലജഗത്തിന്റെയും കർത്താവുമാണ്.***
***ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.***

യോഗമെന്നതിന് അമരകോശത്തിൽ പറയുന്നർത്ഥം ഉപായം, ധ്യാനം, യുക്തി എന്നൊക്കെയാണ്. ശ്രീകൃഷ്ണൻ യോഗിയും വളരെ സമർത്ഥനായ രാജതന്ത്രജ്ഞനും കൂടിയായിരുന്നു. ഉപായം, യുക്തി, നീതി എന്നിവയ്ക്കുടമയായതിനാലാണ് ശ്രീകൃഷ്ണനെ യോഗേശ്വരൻ എന്നു പറയുന്നത്. ഗീതയിലെ അവസാന ശ്ലോകത്തിൽ പറയുന്നു

*യത്ര യോഗേശ്വരഃ കൃഷ്ണോ യത്ര പാർത്ഥോ ധനുർധരഃ* |
*തത്ര ശ്രീർവിജയോ ഭൂതിർ ധ്രുവാ നീതിർമതിർ മമ* ||

എവിടെയാണോ യോഗേശ്വരനായ ശ്രീകൃഷ്ണനും ധനുർധരനായ അർജ്ജുനനുമുള്ളത് അവിടെ സർവ്വവിധ ഐശ്വര്യവും വിജയവുമുണ്ടാവും.

ശ്രീകൃഷ്ണന്റെ രാജ്യതന്ത്രജ്ഞതയാണ് മഹാഭാരതയുദ്ധത്തിൽ ഭീഷ്മർ, ദ്രോണർ, കർണ്ണൻ, ദുര്യോധനൻ എന്നിവരെ പരാജയപ്പെടുത്തി പാണ്ഡവരേ വിജയശ്രീലാളിതരാക്കിയത്. മഹാഭാരതത്തിൽ ശ്രീകൃഷ്ണന്റെ ചരിത്രം വിവരിക്കുന്നത് ആപ്തപുരുഷൻ ആയാണ്. ജനനം മുതൽ മരണം വരെ യാതൊരു ദുഷ്പ്രവൃത്തികളും ചെയ്യാത്ത അദ്ദേഹത്തിൽ മോഷണം, വ്യഭിചാരം, ചതി, ഗോപികമാരൊത്തുള്ള ദുർവ്യവഹാരം, സ്നാനം ചെയ്യുന്ന ഗോപികമാരുടെ വസ്ത്രമോഷണം തുടങ്ങിയ ഘോരവർണ്ണനകൾ നടത്തുന്നത് എത്രകണ്ട് ഉചിതമാണ്? മഹാഭാരത്തിലെവിടേയും രാധാകൃഷ്ണന്റെ വർണ്ണന കാണുന്നില്ല. ശ്രീകൃഷ്ണന്റെ മാതുലനായ രായണഗോപന്റെ (യശോദയുടെ സഹോദരൻ) പത്നിയായാണ് രാധയെ ബ്രഹ്മവൈവർത്തപുരാണം പ്രകൃതിഖണ്ഡം 49-ാം അദ്ധ്യായത്തിൽ വിവരിക്കുന്നത്. എന്നുവെച്ചാൽ ശ്രീകൃഷ്ണന്റെ അമ്മായിയാണ് രാധ. പ്രണയിനിയല്ല. ഓടക്കുഴലും മയിൽപ്പീലിയും രാധയോടും പശുവിനോടുമൊപ്പം ഇന്നു പ്രചരിക്കുന്ന ശ്രീകൃഷ്ണന്റെ ചിത്രങ്ങളെല്ലാം കാല്പനികങ്ങളാണ്. വേദാധ്യായനത്തിന് ലോപം നേരിട്ട മഹാഭാരതയുദ്ധശേഷമുണ്ടായ വൈദേശികാധിപത്യകാലത്ത് നിക്ഷിപ്തതാൽപര്യക്കാർ പടച്ചുവിട്ട പുരാണങ്ങളിലാണ് ശ്രീകൃഷ്ണനേ വികൃതമായി ചിത്രീകരിക്കുന്ന ഇത്തരം വിവരണങ്ങൾ ഉള്ളത്. മഹർഷി ദയാനന്ദൻ സത്യാർത്ഥപ്രകാശത്തിൽ വേദവിരുദ്ധമായ ഈ പുരാണങ്ങളെയെല്ലാം വേദാദിശാസ്ത്രങ്ങളുടെ പ്രമാണത്താൽ ഖണ്ഡിച്ചിട്ടുണ്ട്.

വില്ലാളിവീരനായ-സുദർശനചക്രധാരിയായ, ധർമ്മയുദ്ധത്തിന് ശംഖുനാദം മുഴക്കുന്ന തരത്തിലുള്ള മഹാഭാരതത്തിൽ വർണ്ണിച്ച യോഗേശ്വരന്റെ യഥാർത്ഥ ചിത്രമാണ് രാഷ്ട്രത്തിനിന്നാവശ്യം. രാഷ്ട്രതന്ത്രജ്ഞത നേടാനാഗ്രഹിക്കുന്നവർ മഹാഭാരതത്തിൽ പറയുന്ന ശ്രീകൃഷ്ണന്റെ ജീവചരിത്രം പഠിക്കണം. അതോടൊപ്പം ചാണക്യൻ, ഛത്രപതി ശിവാജി, സർദാർ പട്ടേൽ എന്നീ കൂർമ്മബുദ്ധികളായ നയതന്ത്രജ്ഞർ എങ്ങിനേയാണ് ശക്തമായ ഒരു രാഷ്ട്രം കെട്ടിപടുക്കുന്നതിൽ വിജയിച്ചത് എന്നും ശ്രദ്ധയോടെ പഠിക്കണം.

യോഗേശ്വരനായ ശ്രീകൃഷ്ണന്റെ ജന്മദിനം കൊണ്ടാടുന്ന ഈ അവസരത്തിൽ ആ മഹാപുരുഷന്റെ ജീവിതത്തിൽ നിന്നും നമ്മുക്കെല്ലാവർക്കും സദ്പ്രേരണയുണ്ടാകട്ടെ.

**പത്രാധിപർ**

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10.53.6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





രുമായ ഗജസിംഹ ജയചന്ദ്രാദികളെപ്പോലുള്ള രാഷ്ട്രീയക്കാർ പിന്നിലുണ്ടാകുകയും ചെയ്യും. അവർക്കറിയാം 90 ശതമാനത്തിന്റേയും 80 ശതമാനത്തിന്റേയും മറ്റും പൊരുൾ. പിന്നെ പാസ്സാകാതിരിക്ക്യോ? കഴിഞ്ഞ കൊല്ലം 8-ാം ക്ലാസ്സിൽ പരീക്ഷയ്ക്ക് ബ്ലാങ്ക് പേപ്പർ വച്ചവരാണ് ഇക്കൊല്ലം ഒമ്പതാം ക്ലാസ്സിലെ വലിയ വില്ലന്മാർ.

*(തുടരും)*

## ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

### 'നിഷ്ക്രമണം' വേദപ്രചാരയജ്ഞവും സന്യാസദീക്ഷാ സംസ്കാരവും



**വെള്ളിനേഴി** : പണ്ഡിറ്റ് ലേഖ്റാം ആർഷഗുരുകുലം മഹാവിദ്യാലയത്തിൽ വെച്ച് നിഷ്ക്രമണം എന്ന വേദപ്രചാരയജ്ഞവും സന്യാസദീക്ഷാ സംസ്കാരവും 17.08.2014 ന് ഗുരുകുലത്തിന്റെ പുതിയ കെട്ടിടമായ 'പരംമിത്രഭവന'ത്തിൽ നടന്നു. കാലത്ത് 9ന് സ്വാമി പ്രണവാനന്ദ സരസ്വതി വൈദിക ധ്വജാരോഹണം നടത്തി ആരംഭിച്ച കാര്യപരിപാടിയിൽ അഗ്നിഹോത്രം, വൈദികഗ്രന്ഥപ്രകാശനം, സന്യാസദീക്ഷാ സംസ്കാരം എന്നീ ചടങ്ങുകൾ നടന്നു. കേരളത്തിൽ ആദ്യമായാണ് ഒരു ആര്യസമാജ മഹിള (പ്രൊഫസർ ശ്രീമതി.സരോജിനി ശങ്കർ) സന്യാസാശ്രമം സ്വീകരിക്കുന്നത്. സ്വാമി പ്രണവാനന്ദ സരസ്വതിയിൽ നിന്നും സന്യാസദീക്ഷ സ്വീകരിച്ച് അവർ സ്വാധ്വി സരോജിനി എന്ന നാമധേയം സ്വീകരിച്ചു.

ചതുർവേദങ്ങളുടേയും ഗൃഹ്യസൂക്തങ്ങളുടേയും അടിസ്ഥാനത്തിൽ മഹർഷി ദയാനന്ദ സരസ്വതി ചിട്ടപ്പെടുത്തിയ വൈദിക-ഉപാസനാ-യജ്ഞപദ്ധതികളായ സന്ധ്യോപാസന, അഗ്നിഹോത്രം, ജന്മദിനം, വിവാഹവാർഷികം, അക്ഷരാരംഭസംസ്കാരം തുടങ്ങിയ വിശേഷയജ്ഞ വിധികളുടെ പരിഭാഷയായ ശ്രീ കെ എം രാജൻ തയ്യാറാക്കി വെള്ളിനേഴി ആര്യസമാജം പ്രസിദ്ധീകരിച്ച 'സന്ധ്യോപാസനയും അഗ്നിഹോത്രവും' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം സ്വാമി പ്രണവാനന്ദ സരസ്വതി നിർവഹിച്ചു. പ്രശസ്ത പണ്ഡിതനും ഗുരുകുലം രക്ഷാധികാരിയുമായ ഡോ പി കെ മാധവൻ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. വിവിധ ആര്യസമാജ ഗുരുകുലങ്ങളിൽ നിന്ന് വന്ന വാനപ്രസ്ഥി ബലേശ്വർ മുനി, ആചാര്യ ധനഞ്ജയ് ജി, ആചാര്യ ധരംവീർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഗുരുകുലത്തിലെ ബ്രഹ്മചാരികളുടെ സൂത്രപാഠാലാപനവും യോഗാഭ്യാസ പ്രദർശനവും ഉണ്ടായിരുന്നു. ആര്യസമാജം കാര്യദർശി കെ.എം രാജൻ സ്വാഗതവും ഗുരുകുലം അദ്ധ്യക്ഷൻ വി. ഗോവിന്ദ ദാസ് നന്ദിയും പ്രകാശിപ്പിച്ചു. തുടർന്ന് പ്രസാദവിതരണവും നടന്നു.

*ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും*

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലുശ്യാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം 2



'വളരെ ശരി' ഒന്നാമന് ആവേശം കേറി. "ഒന്നും രണ്ടും ക്ലാസ്സുകളിൽ മൊത്തകച്ചവടം. മൂന്നു മുതൽ ഏഴാം തരം വരെ 90 ശതമാനം, എട്ടുമുതൽ ഒമ്പതുകൂടി 80 ശതമാനം. ക്ലാസ് കയറ്റത്തിന് സർക്കാർ നിശ്ചയിച്ച കണക്കാണിത്. രക്ഷിതാക്കളാണെങ്കിൽ അവരിൽ രണ്ടുവർഗ്ഗക്കാരുണ്ട്. ഒന്ന് കൂലി പണിക്കാർ. മറ്റേത് സമ്പന്നരും ഇടത്തരക്കാരും. ഒന്നാമത്തേ വർഗ്ഗം കുട്ടികളെ സ്കൂളിലേക്കയക്കുന്നത് അവർക്ക് പോകാനുള്ള സൗകര്യത്തിനു വേണ്ടിയും രണ്ടാം നിരക്കാർ എങ്ങിനേയെങ്കിലും തങ്ങളുടെ കുട്ടികൾ ജയിച്ച് പ്രമാണപത്രം സമ്പാദിച്ച് ഉദ്യോഗം തരാക്കികൊടുത്ത് വൈറ്റ് കോളറാക്കി ഞെളിയിച്ചു നടത്താനാണ് നോക്കുന്നത്. അവർക്ക് കുട്ടികളുടെ സ്വഭാവരൂപീകരണത്തേപ്പറ്റിയോ അച്ചടക്കസംബന്ധമായോ പഠനപരമായോ വേവലാതിയൊന്നുമില്ല. ഉദ്യോഗം, പണം എന്നു മാത്രം. ഉച്ച ചോറിന്റെ കാര്യം പോലും ചിന്തിക്കേണ്ട. അമേരിക്കൻ പാൽപ്പൊടിയും കഞ്ഞിയും സൗജന്യമായി കിട്ടും. പിന്നെന്താ? പണി മാറ്റി വരും വരെ കുട്ടികളുടെ സംരക്ഷണത്തിന് സർക്കാർ മാന്യമായ ശമ്പളം കൊടുത്ത് ആൾക്കാരെ അധ്യാപികാദ്ധ്യാപകരെന്ന വെറും അക്ഷരോച്ചാരണാജ്ഞാനികളെ - അഥവാ തനി പരീക്ഷാ ഗൈഡുകളെ നിയമിച്ചിട്ടുണ്ട്. പിന്നെന്തിനു വേവലാതിപ്പെടണം? അധ്യാപകരെന്ന ഈ ഗൈഡുകളുണ്ടല്ലോ, അവർക്ക് മാസം തോറും ഒന്നാം തിയ്യതിക്ക് മുമ്പ് ബില്ലെഴുതി കാശു വാങ്ങണം. പിന്നെ ഇടക്കിടെ ഡി.എ. കൂട്ടാനും മറ്റും സമരമിരിക്കണം. അത്രേവേണ്ടൂ."


"ദി ട്രീ ഈസ് സ്റ്റാന്റ് ഓൺ ദി ഫ്ളോർ" എന്നെഴുതുകയും പഠിപ്പിക്കുകയും ചെയ്യുന്ന കൂട്ടരെ പിന്നെന്തുപറയാൻ? കഷ്ടം തന്നെ. 100 ൽ 35 കിട്ടി കേറുന്നവരുടെ അറിവിൽ 65 മാർക്കും ബ്ലാങ്കാണ്. പിന്നെന്തുചെയ്യും. മേലെഴുതിയതുപോലെ എഴുതാതിരിക്കുമോ? ഒന്നും പറയേണ്ട. ഇനി മാതൃഭാഷയായ മലയാളമെടുത്താൽ ഇതിലേറെ കടമാണ്. "കല്ല്യാണമേ നിനക്ക്...." എഴുത്തച്ഛന്റെ രാമായണത്തിലെ വരികൾക്ക് അർത്ഥം പറയുകയാണ്. കല്ല്യാണം=വിവാഹം. എന്ന്. ഇത്തരക്കാരുടെ ശിഷ്യഗണങ്ങളുടെ ഭാവി എന്തായിരിക്കും? ഒന്നും പറയേണ്ട. എല്ലാ നശിച്ചു. ഇനി വിദ്യാർത്ഥികളുടെ കാര്യം നോക്കിയാലോ അതിവിചിത്രം തന്നെ. അവരും നിർഭീകരാണ്. അവർക്ക് തങ്ങളുടേതുകൂടിയായ പൊതു മുതൽ നശിപ്പിച്ചുകൊണ്ടും കേൾക്കാൻ വയ്യാത്ത ആഭാസാശ്ലീല മുദ്രാവാക്യങ്ങൾ വിളിച്ചു കൂവി കൊണ്ടും തെരുവിൽ തെണ്ടിയാൽ മതി. അതിന് ചില കസേരമോഹികളും സ്വാർത്ഥതിമിരാന്ധ

**ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)**
**ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ**





(മുൻ ലക്കത്തിന്റെ തുടർച്ച)



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*- പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*
*തർജ്ജമ: കെ. എം. രാജൻ*

## പാഠം- 10    ഋഷി ദയാനന്ദൻ-ആര്യസമാജസ്ഥാപകൻ

***ചോദ്യം: ആര്യസമാജത്തിന്റെ സ്ഥാപകനായ ഋഷി ദയാനന്ദ സരസ്വതിയുടെ ജനനം എപ്പോൾ എവിടെ വെച്ചു നടന്നു?***

***ഉത്തരം:*** ഗുജറാത്തിലെ ടംകാര എന്ന ഗ്രാമത്തിൽ ക്രിസ്തുവർഷം 1824 (വിക്രമാബ്ദം 1861) ലാണ് അദ്ദേഹം ജനിച്ചത്.

***ചോദ്യം: അദ്ദേഹത്തിന്റെ ആദ്യനാമമെന്തായിരുന്നു?***

***ഉത്തരം:*** മൂൽജി എന്നും ദയാറാം എന്നുമായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാല പേരുകൾ.

***ചോദ്യം: മൂൽജിയുടെ അച്ഛനമ്മമാരുടെ പേരുകൾ എന്താണ്?***

***ഉത്തരം:*** മൂൽജിയുടെ പിതാവിന്റെ പേര് കർഷൻജി തീവാരി എന്നും അമ്മയുടേത് അമൃതബായ് എന്നുമായിരുന്നു.

***ചോദ്യം: കർഷൻജിയുടെ ഉദ്യോഗമെന്തായിരുന്നു?***

***ഉത്തരം:*** കർഷൻജി വലിയ ഭൂവുടമയും ബാങ്കറും മോർവി രാജ്യത്തിലെ ഒരുന്നത അധികാരിയുമായിരുന്നു.

***ചോദ്യം: ബാലനായ മൂൽജിയുടെ മനസ്സിൽ ജ്ഞാനോദയവും ബിംബാരാധനയിൽ നിന്ന് വിമുക്തിയും ഉണ്ടായതെപ്പോൾ?***

***ഉത്തരം:*** ബാലനായ മൂൽജിക്ക് 14 വയസ്സുപ്രായമുള്ളപ്പോൾ തികഞ്ഞ ശിവഭക്തനായ അദ്ദേഹത്തിന്റെ അച്ഛൻ മൂൽജിയേ അടുത്തുള്ള ക്ഷേത്രത്തിലേക്ക് ശിവരാത്രി ദിവസം കൊണ്ടുപോയി. ശിവരാത്രി ദിനത്തിലെ ഉപവാസത്തേകുറിച്ചും രാത്രിമുഴുവൻ ഉറക്കമൊഴിച്ചും ഭജനമിരിക്കുന്നതിന്റെ പ്രാധാന്യവുമൊക്കെ തന്റെ അച്ഛനിൽ നിന്നും മനസ്സിലാക്കിയിരുന്നു. അതിനാൽ അച്ഛനുൾപ്പെടെ സർവ്വരും ഉറക്കം പിടിച്ചപ്പോഴും മൂൽജി തന്റെ കണ്ണുകൾ അടക്കാതെ ഉറക്കംവരുന്നതു തടയാൻ ഇടയ്ക്കിടെ വെള്ളംകൊണ്ട് മുഖം കഴുകി ജാഗരൂകനായി ഇരുന്നു. ഇതിനിടെ ഒരു ചെറിയ എലി മഹാദേവന്റെ ബിംബത്തിൽ ഓടിക്കയറി അവിടെ അർപ്പിക്കപ്പെട്ട മധുര പലഹാര

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40 – 2)* നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

ങ്ങൾ തിന്നാൽ തുടങ്ങി. എന്നിരുന്നിട്ടും മഹാദേവനൊന്നും ചെയ്യുന്നുമില്ല. മൂൽജിയുടെ പവിത്രവും സരളവുമായ ഹൃദയത്തിൽ സംശയങ്ങൾ ഉയർന്നു. ഇതെന്താണ്? ഏതൊരു മഹാദേവനെക്കുറിച്ചാണോ രാക്ഷസന്മാരേ ത്രിശൂലംകൊണ്ട് വധിക്കുന്നതുപോലുള്ള അനേകം കഥകൾ പുരാണങ്ങളിൽ വർണ്ണിച്ചിരിക്കുന്നത്, ആ മഹാദേവന് ഒരെലിയിൽ നിന്നുപോലും ആത്മരക്ഷചെയ്യാനുള്ള കഴിവില്ലേ? തന്റെ സംശയനിവാരണത്തിനായി അദ്ദേഹം ഉറങ്ങുകയായിരുന്ന അച്ഛനെ വിളിച്ചുണർത്തി കാര്യമറിയിച്ചു. അദ്ദേഹത്തിൽ നിന്ന് മൂൽജിക്ക് തൃപ്തികരമായ മറുപടികിട്ടിയില്ലെന്നു മാത്രമല്ലാ ഇത്തരം ദുഷ്ചോദ്യങ്ങൾ ചോദിച്ചതിന് ശാസനയും കിട്ടി. അത് മൂൽജിയേ സന്തുഷ്ടനാക്കിയില്ലെന്നു മാത്രമല്ലാ യഥാർത്ഥ ശിവനെ കണ്ടെത്തുന്നതുവരെ താൻ വിശ്രമിക്കില്ലാ എന്നും അദ്ദേഹം നിശ്ചയിച്ചുറച്ചു. ആ ദിനം മുതൽ സരളയഹൃദയനായ ഈ ബാലന്റെ മനസ്സിൽ നിന്നും ബിംബാരാധനയിലെ വിശ്വാസം ഇല്ലാതായി.

***ചോദ്യം: മൂൽജിയുടെ മനസ്സിൽ വൈരാഗ്യഭാവനയുണ്ടാക്കുകയും വീടുപേക്ഷിച്ചു പോകാൻ പ്രേരണ നൽകുകയും ചെയ്ത സംഭവങ്ങളേവ?***

***ഉത്തരം:*** മൂൽജിക്ക് 14-15 വയസ്സായവസരത്തിൽ തന്റെ സഹോദരി പെട്ടെന്ന് രോഗം ബാധിച്ച് മരിച്ചു. വളരെ നല്ല മരുന്നുകൾ നൽകി പരിചരിച്ചെങ്കിലും ഫലം കണ്ടില്ല. ഈ മരണം നടന്നപ്പോൾ എല്ലാവരും ഉറക്കെ കരഞ്ഞപ്പോഴും വീടിന്റെ ഒരു മൂലയിൽ പോയി നിന്ന് എങ്ങിനെയാണ് ഈ മരണത്തിൽ നിന്ന് മോചനം നേടുക എന്നു ചിന്തിക്കുകയായിരുന്നു മൂൽജി. രണ്ടുവർഷത്തിനുശേഷം അദ്ദേഹത്തേ വളരെയധികം സ്നേഹിച്ചിരുന്ന അമ്മാവനും മരിക്കാനിടയായി. ഈ സംഭവങ്ങൾ മൂൽജിയിൽ വൈരാഗ്യഭാവം ഉണ്ടാക്കി. എങ്ങിനേയും മരണത്തിൽ നിന്നും മോചിതനായി അമരനാവുന്നതിന് പ്രയത്നിക്കാൻ അദ്ദേഹം നിശ്ചയിച്ചു.

***(തുടരും)***

## ദയാനന്ദ സന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദ സന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം:

**വ്യവസ്ഥാപകൻ,**
**ദയാനന്ദ സന്ദേശം,**
**ആര്യസമാജം,**
**വെള്ളിനേഴി (P.O), പാലക്കാട് - 679 504.**

***മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ***
***(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്***
***ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം***





| | | |
|---|---|---|
| **പതംഗം** | – | **ഒരിടത്ത് നിന്ന് മറ്റൊരിടത്തേക്ക് ചലിക്കുന്നത് (ഋഗ്വേദം 10.177.2)** |
| **അനിപദ്യമാനമ്** | – | **അവിനാശി= നിത്യൻ (ഋഗ്വേദം 10.177.3)** |
| **അമർത്യൻ** | – | **അമരനും നിത്യനുമായ ആത്മാവ് (ഋഗ്വേദം 1.164.38)** |
| **അവ്യസഃ** | – | **അവ്യാപകൻ= അണു (അഥർവ്വവേദം 19.68.1)** |
| **അമൃതാ** | – | **മരണമില്ലാത്തവൻ (അഥർവ്വവേദം 10.8.26)** |

ഓം, ക്രതു, പ്രകൃതി ഈ മൂന്നുപദത്തിനും മറ്റൊരു പരിഭാഷയില്ല.

**ചോദ്യം 21: സുഖം, ദുഃഖം ഇവയെല്ലാം ആത്മാവിന്റെ സ്വാഭാവിക ഗുണങ്ങളാണോ? അതോ ആകസ്മിക ഗുണങ്ങളോ?**

**ഉത്തരം:** യാതൊന്നിനാണോ മാറ്റം വരാത്ത നിജഗുണം അഥവാ ധർമ്മമുള്ളത് അതിനേ സ്വാഭാവികഗുണമെന്നു പറയുന്നു.

ജലത്തിന്റെ ശീതളത, അഗ്നിയുടെ ചൂട്, ഈശ്വരന്റെ അറിവും ആനന്ദവും ഇതെല്ലാം സ്വാഭാവിക ഗുണങ്ങളാണ്. എന്നാൽ വെള്ളം ചൂടാക്കുമ്പോഴുണ്ടാകുന്ന ചൂട്, വെള്ളത്തിന്റെ ആകസ്മിക ഗുണമാണ്.

"ഇച്ഛാ. ദ്വേഷ. പ്രയത്ന, സുഖ, ദുഃഖ, ജ്ഞാനാന്യാത്മനോ ലിംഗമ് (ന്യായസൂത്രം). അതായത് ഇച്ഛാ, ദ്വേഷം, പ്രയത്നം, സുഖം, ദുഃഖം, ജ്ഞാനം മുതലായ ഗുണങ്ങളോടുകൂടിയതും അൽപ്പജ്ഞനും നിത്യനുമായതിനേയാണ് ജീവൻ എന്നു പറയുന്നത്."

(സത്യാർത്ഥ പ്രകാശം)

ന്യായ ദർശന കർത്താവായ ഗൗതമാചാര്യനും വൈശേഷിക ദർശനാചാര്യനായ കണാദമുനിയും ഋഷിവര്യനായ സ്വാമി ദയാനന്ദസരസ്വതിയും വിശ്വസിച്ചിരുന്നത് സുഖ-ദുഃഖങ്ങൾ ജീവാത്മാവിന്റെ സ്വാഭാവിക ഗുണങ്ങളല്ല, മറിച്ച് ആകസ്മിക ഗുണങ്ങളാണ് എന്നാണ്. സുഖദുഃഖങ്ങൾ ചിലപ്പോൾ ആവിർഭവിക്കുകയും ചിലപ്പോൾ തിരോഭവിക്കുകയും ചെയ്യാം. പക്ഷെ ഇവ എപ്പോഴും ജീവാത്മാവിന്റെ കൂടെ തന്നെ വസിക്കുന്നു. കാരണം ഇവ ജീവാത്മാവിന്റെ ഗുണങ്ങളാണ്. യാതൊന്നാണോ ഒരു വസ്തുവിന്റെ ഗുണമായിട്ടുള്ളത് അതിന് ഒരിക്കലും ആ വസ്തുവിൽ നിന്ന് വേറിട്ട് നിൽക്കാൻ സാധ്യമല്ല (ഋഗ്വേദം 1.164.1). ആത്മാവിനെ 'അശ്ന' എന്നു വിളിക്കുന്നു. അതായത് സുഖദുഃഖങ്ങളുടെ ഭോക്താവ് എന്നർത്ഥം.

അപാംഗ് പ്രാഡേതി (ഋഗ്വേദം 1.164.38). ഏതെങ്കിലും വസ്തുവിനോട് ആഗ്രഹമോ ദ്വേഷമോ ഉള്ളത്.

സന്നദ്ധോ മനസാ ചരാമി (ഋഗ്വേദം 1.164.37). പ്രയത്നശാലിയായി ജ്ഞാനപൂർവ്വം ചിന്തിക്കുന്നവൻ.

***(തുടരും)***

***വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗ്രതരാക്കാം.***

(മുൻ ലക്കത്തിന്റെ തുടർച്ച)

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



**അ**പ്രകാരം ഈശ്വരന് അനേകം നാമങ്ങളുണ്ടെങ്കിലും യഥാർത്ഥനാമം ഒന്നേയുള്ളു. ആ നാമമാണ് ഓം.

*ഓം ക്രതോസ്മര (യജു. 40 – 15)*

"ഹേ കർമ്മശീലനായ മനുഷ്യാ! ഓം എന്ന ശബ്ദത്തേ സ്മരിക്കൂ." (ഇവിടെ ഈശ്വരൻ തന്റെ യഥാർത്ഥനാമം പറഞ്ഞു തന്നിരിക്കുന്നു.)

*'ഓം ഖം ബ്രഹ്മ' (യജു. 40 – 17)*

സർവ്വവ്യാപിയായ ഈശ്വരന്റെ നാമം 'ഓം' എന്നാകുന്നു.

*'തസ്യവാചകഃ പ്രണവഃ (യോഗശാസ്ത്രം) 1.127)*

ഈശ്വരന്റെ നാമം പ്രണവം (ഓം) ആകുന്നു.

മനുഷ്യർ ദേശ - കാല - പരിസ്ഥിതികൾക്കും സ്വന്തം മതത്തിനുമനുസരിച്ച് ഈശ്വരനേ പലപേരുകളിലും ഉദാഹരണത്തിന് ഭഗവാൻ, അള്ളാ, ഖുദാ, റബ്ബ്, സായി, വാഹേഗുരു, മാലിക്, പർവർദിഗാർ, മൗലാ എന്നിങ്ങനെ വിളിക്കുന്നു. എന്നാൽ 'ഓം' എന്ന ശബ്ദം ഉച്ചരിക്കുമ്പോഴും കേൾക്കുമ്പോഴുമുള്ള ആനന്ദം മറ്റൊരു നാമത്തിനുമില്ല. വേദം മുതലായ ആർഷ ഗ്രന്ഥങ്ങളിലെല്ലാം ഈശ്വരന്റെ യഥാർത്ഥ നാമം 'ഓം' എന്നാണ് പറഞ്ഞിരിക്കുന്നത്.

**ചോദ്യം 20: ഈശ്വരൻ ചേതനമാണ്. ആ ഈശ്വരന്റെ യഥാർത്ഥനാമം ' ഓം' എന്നാണെങ്കിൽ ചേതനമായ ആത്മാവിനും ഒരു യഥാർത്ഥനാമമുണ്ടായിരിക്കേണ്ടതല്ലേ?**

**ഉത്തരം**: വളരെ ശരിയായ ചോദ്യം. കഴിഞ്ഞ ചോദ്യത്തിൽ ഈശ്വരൻ തന്റെ അമൃതപുത്രനായ ആത്മാവിനെ സംബോധന ചെയ്യുന്ന ഒരു മന്ത്രഭാഗം നമ്മൾ കണ്ടു.

*ഓം ക്രതോ സ്മര (യജു. 40.15)*

അതായത് ഹേ ക്രതു (കർമ്മശീലാ) 'ഓം' നെ ധ്യാനിക്കൂ. ഇവിടെ പരമാത്മാവ് ആത്മാവിനെ പേരെടുത്ത് വിളിച്ച് ഉപദേശങ്ങൾ നൽകുന്നു. ഉന്നതിയിലേക്കുള്ള പാത കാണിച്ചു കൊടുക്കുന്നു. ഇതിലും വലിയ എന്തു തെളിവാണ് വേണ്ടത്? വേദങ്ങളിൽ ജീവാത്മാവിനെ 'ക്രതു' എന്നു തന്നെയാണ് വിളിച്ചിരിക്കുന്നത്. മറ്റു ചില പേരുകളിലും സംബോധന ചെയ്തിട്ടുണ്ട്.

**അക്തമ് – ശരീരസ്പർശത്താൽ പ്രകാശിപ്പിക്കപ്പെടുന്നത്. (ഋഗ്വേദം 10.177.1)**

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





(മുൻ ലക്കത്തിന്റെ തുടർച്ച)




# അദ്ധ്യായം 3
# അസ്യവാമീയ സൂക്തം

*(ഋഗ്വേദം 1–164)*

## വിദ്വാൻമാർ

50. ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ മനുഷ്യർ ബ്രഹ്മചര്യം അനുഷ്ഠിച്ചു നല്ല വിദ്യകൾ അഭ്യസിക്കാൻ വേണ്ടുന്നതെല്ലാം വിദ്വാൻമാർ ചെയ്യുക. അങ്ങനെ വിദ്വാൻമാരുടെ സമ്പർക്കം കാരണം മനുഷ്യർ വിദ്യ, ധർമ്മം എന്നിവയെ അറിയുകയും തൊഴിലുകൾ ചെയ്തു കൂടുതൽ ജ്ഞാനവും നേടി ആനന്ദമനുഭവിക്കുകയും എല്ലാവരാലും ആദരിക്കപ്പെടുകയും ചെയ്യുന്നു.

51. ബ്രഹ്മചര്യം അനുഷ്ഠിച്ച് യജ്ഞങ്ങൾ ചെയ്യുന്നതു കൊണ്ടും മറ്റും മഴജലവും ശുദ്ധമാകുന്നു. ശുദ്ധജലം മഴയായി പെയ്യുന്നത് കാരണം എല്ലാ ജീവികളും സന്തോഷിക്കുന്നു. ജലം ഭൂമിയിൽ നിന്നും മേലോട്ട് ചെന്ന് മഴയായി വീണ്ടും ഭൂമിയിലേക്ക് വരുന്നതുപോലെ ബ്രഹ്മചാരികൾ-ജ്ഞാനികൾ ചെയ്യുന്ന യജ്ഞ-യാഗങ്ങൾ കാരണം എല്ലാവർക്കും ഗുണം കിട്ടുന്നു.

52.
*ഓം ദിവ്യം സുപർണം വായസം*
*ബൃഹന്തമപാം ഗർഭം ദർശതമോഷധീനാം |*
*അഭിപതോ വൃഷ്ടിഭിസ്തർപയന്തം*
*സരസ്വന്തമവസേ ജോഹവീമി||* *(1–164–52)*

സൂര്യലോകം ഭൂമിയിലും ഭൂമിക്കും സൂര്യനുമിടക്കുള്ള എല്ലാറ്റിനേയും പ്രകാശിപ്പിക്കുന്നതുപോലെ ജ്ഞാനികൾ മനുഷ്യർക്കു മധ്യേ ആസനസ്ഥരായി എല്ലാവരുടേയും ആത്മാക്കളെ പ്രകാശിപ്പിക്കുന്നു. സൂര്യൻ മഴ പെയ്യിപ്പിച്ച് എല്ലാവരേയും ആനന്ദിപ്പിക്കുന്നു. അതുപോലെ ജ്ഞാനികൾ ജനങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകി ഉപദേശങ്ങളാകുന്ന മഴ വർഷിച്ച് എല്ലാവരെയും സന്തോഷമുള്ളവരാക്കുന്നു.

***ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)***
***സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.***

www.aryavaidyasala.com

Kottakkal ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902
കോട്ടയ്ക്കൽ-676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

Our Branch Clinics across the country

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231

***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





(ഋഗ്വേദത്തിന്റെ 'അസ്യവാമീയം'എന്ന സൂക്തത്തിന്റെ ആശയങ്ങൾ മഹർഷിദയാനന്ദന്റെ ഋഗ്വേദ ഭാഷാഭാഷ്യത്തിന്റെ ഭാവാർത്ഥങ്ങളെ ആശ്രയിച്ച് എഴുതപ്പെട്ടതാണിവിടെ).

ഋഗ്വേദത്തേകുറിച്ച് അൽപ്പമെങ്കിലും അറിവ് നേടാനാഗ്രഹിക്കുന്നവർക്ക് താഴെ കാണുന്ന സൂക്തങ്ങൾ അദ്ധ്യയനം ചെയ്യാവുന്നതാണ്.

അഗ്നി സൂക്തം (1-1) അസ്യവാമീയ സൂക്തം (1-164), ഇന്ദ്രസൂക്തം (2-17), കൃഷി സൂക്തം (4-57), ഗോസൂക്തം (6-28), വരുണസൂക്തം (7-86), ജ്ഞാനസൂക്തം (10-71), ഹിരണ്യഗർഭ സൂക്തം (10-121), പരാ-വാഗ്-ശക്തി സൂക്തം (10-124), പുരുഷസൂക്തം (10-129), സംജ്ഞാന സൂക്തം (10-191)

വേദങ്ങളിലെ എല്ലാ സൂക്തങ്ങളും മുഖ്യമായവ തന്നെ. എല്ലാറ്റിലും ജ്ഞാന-വിജ്ഞാന വിഷയങ്ങൾ നിറഞ്ഞിരിക്കുന്നു. വേദജ്ഞാനം അനന്തം. 'അനന്താ വൈ വേദാ' എന്ന് ജ്ഞാനികൾ പറയുന്നു. ഇഹ-പരം എന്നീ രണ്ടിനും ആവശ്യമായ വേദജ്ഞാനത്തിന് ഒരു പരിചയമായിട്ടാണ് ഋഷി ദയാനന്ദന്റെ ഭാഷ്യം ഉള്ളത്.

'വേദം എല്ലാ സത്യവിദ്യകളുടേയും പുസ്തകമാകുന്നു. വേദം പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടത് എല്ലാ ആര്യന്മാരുടേയും (ശ്രേഷ്ഠമനുഷ്യരുടെ) പരമധർമ്മമാകുന്നു.'

-ഋഷി ദയാനന്ദൻ

## BE A MAN

Should a man act like an animal which if strong, oppresses the weak and even puts them to death, he is more an animal than a man. He alone can fitly be called a man who being strong and protect the weak. He that injures others in order to gain his selfish ends can only be called a big animal. He alone is entitled to be called a man who possess a thoughtful nature and feel for others in the same way as he does for his own self. does not fear the unjust however powerful but fear the truly virtuous, however weak

***Maharshi Dayananda Saraswathi***

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 3.30.3) Let not a brother hate his brother and let not a sister hate her sister***